പ്പുകൾ കുറഞ്ഞിരിക്കുന്നത്, ധാർമികതയ്ക്ക് നിരക്കുന്ന രീതിയിൽ എങ്ങനെ അവയുടെ എണ്ണം വർധിപ്പിക്കാം എന്നൊക്കെ കണ്ടെത്താനായിരുന്നു ഇത്.

ഒരു മാസം നീണ്ടു നിന്ന സർവേയ്ക്ക് ശേഷം മാനേജ്മെന്റ്, പ്രധാന ഡോക്ടർമാരുടെയും ജീവനക്കാരുടെയും മറ്റൊരു യോഗം കൂടിവിളിച്ചു ചേർത്തു. മെഡിക്കൽ ചെക്കപ്പ് കുറഞ്ഞു പോയതിന്റെ കാരണങ്ങളും വർധിപ്പിക്കാനുള്ള നിർദേശങ്ങളും വിലയിരുത്താനുള്ളതായിരുന്നു യോഗം. താഴെ പറയുന്ന കാര്യങ്ങളാണ് യോഗത്തിൽ ചർച്ച ചെയ്തത്.

> ഞായറാഴ്ചകളിൽ ചെലവ് കുറഞ്ഞതും ഉപഭോക്തൃ സൗഹൃദവും ആവശ്യങ്ങൾക്കനുസരിച്ചതുമായ ചെക്കപ്പുകൾ ലഭ്യമാക്കുന്നുവെന്നതിനാൽ രോഗികളിൽ നിന്നുള്ള പ്രതികരണവും മികച്ചതായിരുന്നു

- മെഡിക്കൽ ചെക്കപ്പുകളുടെ എണ്ണം കുറയാനുള്ള ഒരു കാരണം ആളുകൾ അതിന്റെ ഗുണവശങ്ങളെ കുറിച്ച് ബോധവാന്മാരല്ലെന്നതും ബോധവൽക്കരിക്കാനുള്ള നടപടികൾ ഹോസ്പിറ്റലിന്റെ ഭാഗത്തു നിന്ന് ഉണ്ടായില്ലെന്നതുമാണ്.
- പല ആളുകളും കരുതിയിരിക്കുന്നത് മെഡിക്കൽ ചെക്കപ്പിനുള്ള ഫീസ് വളരെ കൂടുതലാണ് എന്നാണ്. മെഡിക്കൽ ചെക്കപ്പുകൾക്ക് പ്രാധാന്യം കൽപ്പിക്കാത്തതിനാൽ ആശുപ്രത്രി, ഫീസ് ഏർപ്പെടുത്തിയിരുന്നത് സാധാരണ കണക്കാക്കുന്ന രീതി ഉപയോഗിച്ച് തന്നെയാണ്. ഒറ്റ ജനറൽ മെഡിക്കൽ ചെക്കപ്പ് മാത്രമാണ് ഹോസ്പിറ്റലിൽ നടത്തിയിരുന്നത്. അതിൽ ഒരുപാട് പരിശോധനകൾ ഉൾപ്പെടുകയും ചെലവ് കൂടുകയും ചെയ്തു.
- ആളുകൾ ജനറൽ മെഡിക്കൽ ചെക്കപ്പുകൾക്ക് പകരം അവരുടെ വയസ്, സ്ത്രീയോ പുരുഷനോ, ജീവിത രീതി എന്നിവയൊക്കെ നോക്കി പ്രത്യേക മെഡിക്കൽ ചെക്കപ്പുകൾക്കാണ് മുൻഗണന നൽകിയിരുന്നത്. ജനറൽ മെഡിക്കൽ ചെക്കപ്പിൽ ഉൾപ്പെട്ടിരുന്ന പല പരിശോധനകളും അനാവശ്യമാണെന്ന ധാരണയിൽ അവരതിനെ ഇഷ്ടപ്പെട്ടിരുന്നില്ല.
- പ്രവൃത്തി ദിവസങ്ങളിൽ മെഡിക്കൽ ചെക്കപ്പിന് പോകുന്ന ആളുകൾ പൊതുവെ അസന്തുഷ്ടരായിരുന്നു. തിരക്കേറിയ രാവിലെ ഹോസ്പിറ്റലിൽ കാർ പാർക്ക് ചെയ്യാൻ സ്ഥലം ലഭിക്കാതെ അവർ ബുദ്ധിമുട്ടുകയും നിലവിലുള്ള രോഗികളുടെ നീണ്ട നിര ഓരോ ഡിപ്പാർട്ട്മെന്റിന് മുന്നിലുണ്ടാകുന്നത് അവരെ അസ്വസ്ഥരാക്കുകയും ചെയ്തു. രോഗികളുടെ തിരക്ക് കാരണം ഹോസ്പിറ്റൽ ജീവനക്കാർക്ക്, മെഡിക്കൽ ചെക്കപ്പിന് എത്തുന്നവരെ വേണ്ട വിധത്തിൽ ശ്രദ്ധിക്കാനും കഴിഞ്ഞിരുന്നില്ല.
- പ്രവൃത്തി ദിനങ്ങളിൽ മാത്രമാണ് മെഡിക്കൽ ചെക്കപ്പ് ലഭ്യമായിരുന്നത് എന്നതിനാൽ ഓഫീസിൽ നിന്ന് അവധിയെടുക്കേണ്ടി വരുന്നതിലും പല ആളുകൾക്കും അസന്തുഷ്ടിയുണ്ടായിരുന്നു.
- ആളുകളെ മെഡിക്കൽ ചെക്കപ്പുകളുടെ പ്രാധാന്യത്തെ കുറിച്ച് ബോധവൽക്കരിക്കുകയാണെങ്കിൽ ഹോസ്പിറ്റലിൽ മെഡിക്കൽ ചെക്കപ്പുകൾക്ക് എത്തുന്നവരുടെ എണ്ണം കാര്യമായി വർധിച്ചേക്കും.

ചില ചെലവ് ചുരുക്കൽ നടപടികൾ

മെഡിക്കൽചെക്കപ്പുകളുടെ എണ്ണം വർധിപ്പിക്കാൻ താൽപ്പര്യപ്പെടുന്ന ഹോസ്പിറ്റൽ പല പരിശോധനകളുടെയും വലിയ മാർജിൻ വേണ്ടെന്ന് വെക്കുകയാണെങ്കിൽ മെഡിക്കൽ ചെക്കപ്പുകൾക്കുള്ള ചെലവ് ഗണ്യമായി കുറയ്ക്കാനാകും. കൂടാതെ ആളുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് പരിശോധനകൾ ക്രമീകരിക്കുകയാണെങ്കിൽ ചെലവ് കുറയുക മാത്രമല്ല, ജനറൽ മെഡിക്കൽ ചെക്കപ്പുകളിലെ പോലെ കൂടുതൽ പരിശോധനകൾ ഉണ്ടാവുകയുമില്ല.

ഞായറാഴ്ചകളിലെ മെഡിക്കൽ ചെക്കപ്പുകൾക്ക് പ്രചാരം നൽകിയാൽ ആളുകൾക്ക് അവധിയെടുത്ത് വരേണ്ടി വരില്ല. മാത്രമല്ല, സാധാരണ ദിവസങ്ങളെ അപേക്ഷിച്ച് പകുതിയോളം രോഗികൾ മാത്രമേ ഉണ്ടാകുകയുള്ളു എന്നതിനാൽ വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം എളുപ്പത്തിൽ കണ്ടെത്താനും രോഗികളുടെ നീണ്ട നിര ഒഴിവാകുന്നതിനാൽ എളുപ്പത്തിൽ ഡോക്ടർമാരെ കാണാനും കഴിയുന്നു. മാത്രമല്ല, ഹോസ്പിറ്റൽ ജീവനക്കാർക്ക് കൂടുതൽ ശ്രദ്ധ നൽകാനും സാധിക്കും.

ധാർമികത കൈവിടാതെ തന്നെ ഐപി എണ്ണം വർധിപ്പിക്കാനായി, ഞായറാഴ്ചകളിലെ ചെലവു കുറഞ്ഞ മെഡിക്കൽ ചെക്കപ്പുകൾക്ക് പ്രചാരം നൽകാൻ ഹോസ്പിറ്റൽ മാനേജ്മെന്റ് തീരുമാനിച്ചു. 2015 ൽ പ്രതിമാസം 60 മെഡിക്കൽ ചെക്കപ്പുകൾ എന്നത് 2017 പകുതിയായപ്പോൾ പ്രതിമാസം 1000 എണ്ണം എന്നതിലേക്ക് വർധിച്ചത് ഹോസ്പിറ്റൽ മാനേജ്മെന്റിനെ അതിശയിപ്പിച്ചു. ഇത് ഐപി എണ്ണത്തിൽ കാര്യമായ വർധനയ്ക്ക് കാരണമാകുകയും ഹോസ്പിറ്റലിന്റെ ലാഭക്ഷമത കൂട്ടുകയും ചെയ്തു.

ഞായറാഴ്ചകളിൽ ചെലവ് കുറഞ്ഞതും ഉപഭോക്തൃ സൗഹൃദവും ആവശ്യങ്ങൾക്കനുസരിച്ചതുമായ ചെക്കപ്പുകൾ ലഭ്യമാക്കുന്നുവെന്നതിനാൽ രോഗികളിൽ നിന്നുള്ള പ്രതികരണവും മികച്ചതായിരുന്നു.

മുകളിൽ കാണുന്നതുപോലെ, മെഡിക്കൽ ചെക്കപ്പുകളിൽ ശ്രദ്ധിച്ചതോടെ ഹോസ്പിറ്റലിന് രോഗികളുടെ സംതൃപ്തിക്ക് പാത്രമാകാനും ലാഭം കാര്യമായി വർധിപ്പിക്കാനും കഴിഞ്ഞു. കൗതുകകരമായ ഒരു കാര്യം എന്തെന്നാൽ, പല ആശുപത്രികളും ഉപകാരപ്രദമായ ഈ സൗകര്യം ഇതുവരെയും ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതാണ്. ■

ഇന്ത്യയിലും ജിസിസി രാഷ്ട്രങ്ങളിലുമായി സഹായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ.

[illegible] [illegible] എടുത്തതിനു ശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസർച്ച് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്.
webs e www.we e iver res s.com, emai in i i @ mai .com

IBJA
Awarded Best NBFC in Gold Business
പലിശ വെറും
1
RUPEE
രൂപ മാത്രം
(GL-DS സ്കീം)
(12% p.a.)*
GL
Online Gold Loan
മണപ്പുറം
ഫിനാൻസ് ലിമിറ്റഡ്
Make Life Easy
മണപ്പുറം ഫിനാൻസ് അവതരിപ്പിക്കുന്നു GL-DS സ്കീം,
മാസ പലിശ വെറും ഒരു രൂപ മാത്രം (12% വാർഷിക പലിശ).
ഏറ്റവും കൂടുതൽ സ്വർണ്ണ വായ്പ. മാസംതോറും പലിശയടയ്ക്കൂ, പലിശയിളവ് നേടൂ*
ഉടൻതന്നെ അടുത്തുള്ള മണപ്പുറം ഫിനാൻസ് ശാഖയുമായി ബന്ധപ്പെടുക

വീട്ടിലിരുന്നും ഗോൾഡ് ലോൺ എടുക്കുവാനുള്ള സൗകര്യം.

OTHER SERVICES : MONEY TRANSFER | FOREX (AT SELECT BRANCHES) | HOME LOAN* | VEHICLE LOAN | SME FINANCE | INSURANCE* | Toll Free : 1800 420 22 33 www.manappuram.com